RCS/13461/2024-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 30.12.2024

# സർക്കുലർ നമ്പർ 30/2024

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സംഘം രജിസ്ട്രാർറുടെ ഭരണ നിയന്ത്രണത്തിൽ കേരള സഹകരണ സംഘം നിയമം 1969, പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതു യോഗം - സംബന്ധിച്ച്

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സഹകരണ സംഘം നിയമം, 1969 പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതു യോഗത്തിൽ കേരള സഹകരണ സംഘം നിയമം, 1969, ലെ വകുപ്പ് 29 ലെ വ്യവസ്ഥ പ്രകാരം ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു താലൂക്കോ അതിൽ താഴെയോ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ ബന്ധപ്പെട്ട താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)യൊ അല്ലെങ്കിൽ ടിയാന്റെ നിയന്ത്രണത്തിൽ ഉള്ള ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ നിർബന്ധമായും പങ്കെടുക്കുന്നതിന് ചുമതപ്പെടുത്തേണ്ടതാണ്.

2. ഒരു ജില്ലയോ ഒന്നിലധികം താലൂക്കുകളോ പ്രവർത്തന പരിധിയുള്ള സംഘങ്ങളുടെ പൊതുയോഗത്തിൽ ഹെഡ് ആഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) യൊ അല്ലെങ്കിൽ ടിയാന്റെ നിയന്ത്രണത്തിൽ ഉള്ള സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്.

3. സംസ്ഥാനമൊട്ടാകയോ ഒന്നിലധികം ജില്ലകളോ പ്രവർത്തന പരിധിയുള്ള സംഘങ്ങളുടെ പൊതുയോഗത്തിൽ സഹകരണ സംഘം രജിസ്ട്രാറോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് ചുമതപ്പെടുത്തേണ്ടതാണ്.

4. ഒരു താലൂക്കോ അതിൽ താഴെയോ പ്രവർത്തന പരിധിയിലുള്ള സഹകരണ സംഘങ്ങളുടെ പൊതുയോഗ അറിയിപ്പും, അജണ്ടയും ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് പൊതുയോഗ തീയതിക്ക് 15 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്.

5. ഒരു ജില്ലയോ ഒന്നിലധികം താലൂക്കുകളോ പ്രവർത്തന പരിധിയുള്ള സംഘങ്ങളുടെ പൊതുയോഗ അറിയിപ്പും അജണ്ടയും ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് പൊതുയോഗ തീയതിക്ക് 15 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്.

6. സംസ്ഥാനമൊട്ടാകെയോ ഒന്നിലധികം ജില്ലകളോ പ്രവർത്തന പരിധിയോ ഉള്ള സംഘങ്ങളുടെ പൊതുയോഗ അറിയിപ്പും അജണ്ടയും സഹകരണ സംഘം രജിസ്ട്രാർ ന് പൊതുയോഗ തീയതിക്ക് 15 ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്.

7. താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും പൊതുയോഗത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് പൊതുയോഗം സംബന്ധിച്ച റിപ്പോർട്ട് പൊതുയോഗം നടന്നു കഴിഞ്ഞ് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

8. ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും പൊതുയോഗത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ ന് പൊതുയോഗം സംബന്ധിച്ച റിപ്പോർട്ട് പൊതുയോഗം നടന്നു കഴിഞ്ഞ് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

9. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും പൊതുയോഗത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥൻ സഹകരണ സംഘം രജിസ്ട്രാർ ന് പൊതുയോഗം സംബന്ധിച്ച റിപ്പോർട്ട് പൊതുയോഗം നടന്നു കഴിഞ്ഞ് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

10. പൊതുയോഗത്തിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തുകയോ, പൊതുയോഗം സംബന്ധിച്ച റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്.

11. പൊതുയോഗ നടപടികൾ കേരള സഹകരണ സംഘം നിയമം,1969 നും സംഘത്തിന്റെ ബൈല നിബന്ധനകൾക്കും വിരുദ്ധമാണെന്ന് കാണുന്ന പക്ഷം കേരള സഹകരണ സംഘം നിയമം 1969 ലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

12. ഇത്തരം പൊതുയോഗങ്ങളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കപ്പെടുന്നതിനും, കേരള സഹകരണ സംഘ നിയമം, 1969, ലെ വകുപ്പ് 56 പ്രകാരം അറ്റ ലാഭം സംബന്ധിച്ച് ചർച്ചചെയ്ത്, വകുപ്പ് 56 (1) (എ), (ബി), (സി), (ഡി) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുക വകയിരുത്തുന്നു എന്നും, ആയതിന് ശേഷമുള്ള തുകകൾ മാത്രമേ വകുപ്പ് 56(2) ലെ വ്യവസ്ഥകൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂയെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

13. കേരള സഹകരണ സംഘം നിയമം,1969 ലെ വകുപ്പ് 56 (2) ലെ വ്യവസ്ഥ പ്രകാരമുള്ള പദ്ധതികൾ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ മേൽ ഖണ്ഡിക (ഖണ്ഡിക 12) യിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

(ഒപ്പ്)

ഡോ. ഡി സജിത് ബാബു ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:- 1. സഹകരണ ആഡിറ്റ് ഡയറക്ടർ

2. കേരള സംസ്ഥാന സഹകരണ യൂണിയൻ
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ
4. എല്ലാ അപക്സ് സഹകരണ സംഘങ്ങൾ
5. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ബന്ധപ്പെട്ട ജില്ല ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം
6. എല്ലാ സഹകരണ സംഘങ്ങളും ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
7. സഹകരണ വീഥി
8. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)